**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1569** **11-09-2023 - ൽ മറുപടിയ്ക്ക്**

**പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 ലെ ബജറ്റിൽ തീരദേശ, മലയോര മേഖലകളിൽ പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തെ തുടർന്ന്, സർക്കാർ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **(എ)** 2022-23-ലെ ബഡ്ജറ്റിൽ തീരദേശ മലയോര മേഖലകളിൽ പുതിയ ഐ.ടി.ഐ ആരംഭിക്കുവാൻ 2 കോടി രൂപ വകകൊള്ളിച്ചിരുന്നു. ഇതിന്റെ ഭാഗമായി ടി മേഖലയിൽ ഐ.ടി.ഐ ആരംഭിക്കുന്ന തിനായി ബന്ധപ്പെട്ട പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ എന്നിവരുമായി കൂടിയാലോചന നടത്തി സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി നൽകുവാൻ വ്യാവസായിക പരിശീലന വകുപ്പിലെ 5 ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാരേയും ചുമതലപ്പെടുത്തി യിരുന്നു. എന്നാൽ ടി റിപ്പോർട്ട് 2022-23 സാമ്പത്തിക വർഷത്തിൽ ലഭ്യമാകാത്ത തിനാൽ ആ വർഷം തുടർ നടപികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല. തുടർന്ന്, 2023-24 ബഡ്ജറ്റിൽ തീരദേശ മലയോര മേഖലകളിൽ പുതിയ ഐ.ടി.ഐ ആരംഭിക്കുവാൻ 2 കോടി രൂപ വകകൊള്ളിച്ചിരുന്നു. ആയതിൽ തുടർ നടപടി സ്വീകരിച്ചതിൽ ആലപ്പുഴ നിയമസഭാ മണ്ഡലത്തിൽ പുതിയ ഐ.ടി. ഐ ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവെങ്കിലും നിലവിലെ സാമ്പ ത്തിക സ്ഥിതിയിൽ സർക്കാരിന് അധിക ബാധ്യത ഏറ്റെടുക്കാൻ നിർവ്വാഹമില്ലാത്ത തിനാൽ ടി ഐ.ടി.ഐ ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് തീരുമാനമെടുക്കുകയുണ്ടായി. |
| (ബി) | തിരൂർ നിയോജക മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ. ആരംഭിക്കണമെന്ന ആവശ്യത്തെ തുടർന്ന്, സർക്കാർ 03.10.2022-ന് ട്രെയിനിംഗ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടത് പ്രകാരം റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ബി) | **(ബി)** തിരൂർ നിയോജക മണ്ഡലത്തിൽ പുതിയ ഐ.ടി.ഐ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ